**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 മെയ് 10 വെള്ളി**

---

# വീടുകളുടെ പുനർനിർമാണം; ലെഗ്രാന്റ് കമ്പനിയുടെ ഇലക്ട്രിക് സാമഗ്രികൾ വിതരണം ചെയ്തു

ആലപ്പുഴ: ജില്ലയിൽ പ്രളയത്തിൽ പൂർണമായി തകർന്ന വീടുകളുടെ പുനഃനിർമാണത്തിനായി ലെഗ്രാന്റ് കമ്പനി നൽകുന്ന ഇലക്ട്രിക് സാധന സാമഗ്രികളുടെ ജില്ലാ തല വിതരണ ഉദ്ഘടനം ജില്ലാ കളക്ടർ എസ്. സുഹാസ് വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നിർവഹിച്ചു. 680 കുടുംബങ്ങളാണ് ഇതിന് അർഹതരായിരിക്കുന്നത് . 680 വീടുകളുടെ വയറിംഗ് സാമഗ്രികളാണ് ലെഗ്രാന്റ് കമ്പനിയുടെ സഹായത്തോടെ ലൈഫ് റീബിൽഡ് ഭവന നിർമാണ ഹബ്ബുകളിൽ വിതരണത്തിനായി എത്തിച്ചത് .സാധനസാമഗ്രികൾ വീടുകളുടെ നിർമാണ പുരോഗതിക്കനുസരിച്ച് വിതരണം ചെയ്യും. വരുന്ന മഴയ്ക്ക് മുമ്പായി വീടുകളുടെ നിർമാണം പൂർത്തിയാക്കാൻ വേ ക്രമീകരണങ്ങൾ നടന്നു വരികയാണെന്ന് ഉദ്ഘടനം നിർവഹിച്ചു കൊ ് കളക്ടർ പറഞ്ഞു. ഇതിനായി ലൈഫ് മിഷൻ ജില്ലയിൽ മൂന്നു ഹബ്ബുകളിലായി പ്രവർത്തനം ആരംഭിച്ചു. കുട്ടനാട്, ചെങ്ങന്നൂർ, അമ്പലപ്പുഴ എന്നീ ഹബ്ബുകളിൽ നിന്ന് ഉപഭോക്താക്കൾക്ക് നേരിട്ട് സഹായങ്ങൾ സ്വീകരിക്കാവുന്നതാണ്. കുട്ടനാട്ടിലെ വയറിങ്ങിന് സജ്ജമായി നിൽക്കുന്ന 50 വീടുകൾക്കാണ് ആദ്യഘട്ടമെന്ന രീതിയിൽ ഇന്നലെ ഇലക്ട്രിക് സാധനങ്ങൾ വിതരണം ചെയ്തത്. പണികൾ പൂർത്തിയാകുന്നതിനനുസരിച്ച് ബാക്കി കുടുംബങ്ങൾക്ക് ഹബ്ബിൽ നിന്നും ലഭ്യമാക്കും. കൂടാതെ സിമന്റ്, കമ്പി 15 ശതമാനം വില കുറച്ചും ഹബ്ബിൽ വിതരണം ചെയ്ത് തുടങ്ങി. റീ ബിൽഡ് കേരള പദ്ധതി ജൂൺ മാസത്തിന് മുമ്പായി പൂർത്തിയാക്കുക എന്നതാണ് ലക്ഷ്യം വയ്ക്കുന്നതെന്നും കളക്ടർ പറഞ്ഞു. കുട്ടനാട് തഹസിൽദാർ കെ. നവീൻ ബാബു അധ്യക്ഷനായ യോഗത്തിൽ ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ഉദയസിംഹൻ, റീ ബിൽഡ് കേരള അസിസ്റ്റന്റ് എഞ്ചിനീയർ അനന്തകൃഷ്ണൻ, വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലൈല രാജു എന്നിവർ പങ്കെടുത്തു.

**(ചിത്രമു ്)**

# ചങ്ങാതിക്കൂട്ടം

ചെങ്ങന്നൂർ: പുന്തല ഗ്രാമദീപം ബാലവേദി - കുടുംബശ്രീ ബാലസഭയുടെ ആഭിമുഖ്യത്തിൽ ചങ്ങാതികൂട്ടം 11 ,12 തീയതികളിൽ പുന്തല ശ്രീ നാരായണ

ആഡിറ്റോറിയത്തിൽ നടക്കും.കഥായാനം ,കാക്കാരശി നാടകം, ഒറിഗാമി ,കലാസന്ധ്യ, സർഗ്ഗ സല്ലാപം എന്നിവ നടക്കും. പ്ലസ് ടൂ ,എസ് എസ് എൽ സി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയവരെ  സജി ചെറിയാൻ എം എൽ എ അനുമോദിക്കും.

# മഴക്കാല പൂർവ്വ ശുചീകരണം ഇന്നും നാളെയും

ചെങ്ങന്നൂർ: പകർച്ചവ്യാധി പ്രതിരോധം ,മഴക്കാല പൂർവ്വ ശുചീകരണം എന്നിവയ്ക്കായി 11, 12 തീയതികളിൽ കാംപെയിൻ നടക്കും. വിവിധ പഞ്ചായത്തുകളിലും നഗരസഭകളിലും ബ്ലോക്കുകളിലും വൻ ജനകീയ പങ്കാളിത്തത്തോടെയാണ് ശുചീകരണ പരിപാടികൾ സംഘടിപ്പിക്കുക. ആലാ പഞ്ചായത്തിലെ വീടുകൾ, പൊതു-സ്വകാര്യ സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ, റോഡുകൾ തുടങ്ങിയ സ്ഥലങ്ങളിൽ സൂഷ്മ ശുചീകരണ യജ്ഞം നടത്തുവാൻ തീരുമാനിച്ചു. ഇതിൽ പങ്കുചേരാനായി സമൂഹത്തിലെ വിവിധ സാമൂഹിക-സാമുദായിക - സന്നദ്ധ പ്രവർത്തകരും അന്നേ ദിവസം ഗ്രാമ പഞ്ചായത്ത് ഓഫീസിൽ എത്തിച്ചേരണമെന്ന് പ്രസിഡന്റ് അറിയിച്ചു.

# അദ്ധ്യാപക ഒഴിവ്

ചെങ്ങന്നൂർ: ക്രിസ്ത്യൻ കോളജിൽ സുവോളജി, കോമേഴ്സ്, മാത്തമാറ്റിക്സ്, കമ്പ്യൂട്ടർ എന്നീ വിഷയങ്ങളിൽ ഗസ്റ്റ് അദ്ധ്യാപകരുടെ ഒഴിവുകളു ്. ഇതിനായി വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ 18-ന് മുൻപ് ഓഫീസിൽ സമർപ്പിക്കണം. 04792450375,9495053995.

# ആലപ്പുഴ കനാൽ നവീകരണം : ഒന്നാം ഘട്ടം പൂർത്തിയാകുന്നു

ആലപ്പുഴ: നാലുഘട്ടമായി നടക്കുന്ന ആലപ്പുഴ നഗരത്തിലെ കനാലുകളുടെ നവീകരണത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയാവുന്നു. ഒൻപത് പ്രധാന കനാലുകളുടെയും പതിനഞ്ചിൽപ്പരം ചെറു കനാലുകളുടെയും നവീകരണമാണ് പദ്ധതിയുടെ ഭാഗമായി നടക്കുന്നത്. നാലുഘട്ടമായി നടക്കുന്ന നവീകരണത്തിനായി 108 കോടി രൂപയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. ഉപ്പൂട്ടി കനാലിൽ നിന്ന് ആരംഭിച്ച പദ്ധതിയുടെ ഒന്നാം ഘട്ടം ഈ മാസം 31നു പൂർത്തിയാക്കും. കനാലുകൾ വറ്റിച്ചു ചെളി കോരി വൃത്തിയാക്കുന്ന പദ്ധതിയാണു ഒന്നാം ഘട്ടത്തിലൂടെ പ്രധാനമായും നടപ്പിലാക്കുന്നത്. ഇതിനു ശേഷം ഉപ്പുവെള്ളം കയറ്റി ശുദ്ധിയാക്കും. 33 കിലോമീറ്റർ ദൂരത്തിലാണ് പ്രധാന കനാലുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നത്. കനാൽ ശുചീകരണത്തിന് ശേഷവും മാലിന്യം തള്ളുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. കൂടാതെ കനാലിലേക്കു തുറന്നിരിക്കുന്ന എല്ലാ കുഴലുകളും അടയ്ക്കും.

ജലസേചന വകുപ്പിന്റെ നേതൃത്വത്തിലാണ് കനാൽ നവീകരണ ജോലികൾ നടക്കുന്നത്. കനാലിലേക്ക് മാലിന്യം തള്ളുന്നത് തടഞ്ഞുകൊ ് ആലപ്പുഴ നഗരസഭ ഹോട്ടലുകൾക്കും മറ്റും നോട്ടീസ് നൽകൽ ആരംഭിച്ചു. വാടക്കനാൽ, വാണിജ്യക്കനാൽ, വെസ്റ്റ് ജംഗ്ഷൻ കനാൽ, ഈസ്റ്റ് ജംഗ്ഷൻ കനാൽ, ഉപ്പൂട്ടിക്കനാൽ, മുറിഞ്ഞപുഴ തോട്, കൊട്ടാരംതോട്, ആലപ്പുഴ- ചേർത്തല കനാൽ (ഏകദേശം 18 കിലോമീറ്റർ), ആലപ്പുഴ-അമ്പലപ്പുഴ കനാൽ എന്നിവയാണ് നവീകരണ പദ്ധതി ഉൾപ്പെട്ട പ്രധാന കനാലുകൾ. ആദ്യഘട്ടത്തിൽ കനാലിൽ ബ ് കെട്ടി വെള്ളം വറ്റിക്കും. പിന്നീട്  നീക്കം ചെയ്യുന്ന

ചെളി ലോറിയിൽ മണ്ണഞ്ചേരിയിൽ എത്തിച്ചു ബാർജ് വഴി കുട്ടനാട്ടിലേക്കു കൊ ുപോകും. കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബ ് ശക്തിപ്പെടുത്താൻ ഈ ചെളി സൗജന്യമായി നൽകും. പടിഞ്ഞാറു നിന്നു കിഴക്കോട്ട് എന്ന രീതിയിൽ ആണ് ബ ിന്റെ നിർമ്മാണം. നീരൊഴുക്കിനു തടസമായി നിൽക്കുന്ന ബ ുകൾ നീക്കം ചെയ്യുകയും കനാലിലേക്കു മറിഞ്ഞു കിടക്കുന്ന മരങ്ങളും മറിയാൻ സാധ്യതയുള്ള മരങ്ങളും മുറിച്ചുമാറ്റും.
48 കോടി രൂപ വകയിരിത്തിയിരിക്കുന്ന ര ാം ഘട്ടത്തിൽ നഗരസഭ വഴി അമൃത് പദ്ധതിയിലൂടെ ചെറുകനാലുകളുടെ നവീകരണമാണ് നടക്കുന്നത്. ശേഷം 145 പ്രോജക്ടുകളിലായി 36 കിലോമീറ്റർ കനാലുകളുടെ നവീകരണം നടത്തും. അയ്യപ്പൻ പൊഴി, തുമ്പോളി പൊഴി നവീകരണം എന്നിവയാണ് ര ാം ഘട്ടത്തിൽ ചെയ്യുന്നത്. മൂന്നാം ഘട്ടത്തിൽ ആദ്യ ര ു ഘട്ടത്തിലും പെടാത്ത കനാലുകളുടെ നവീകരണം നടത്തും. നാലാം ഘട്ടത്തിൽ വൃത്തിയാക്കിയ കനാലുകളിൽ പോള ശല്യം ഒഴിവാക്കാനായി ഉപ്പുവെള്ളം കയറ്റി ശുദ്ധീകരണം നടത്തും. ഉപ്പൂട്ടി കനാലിലേക്കു കടലിൽ നിന്നു മോട്ടോർ പമ്പ് ഉപയോഗിച്ചു വെള്ളം കയറ്റാനും ഇറക്കാനുമുള്ള പദ്ധതിയും വെള്ളം കായലിൽ എത്താതിരിക്കാൻ വാടക്കനാൽ, വാണിജ്യക്കനാൽ, ആലപ്പുഴ- അമ്പലപ്പുഴ കനാൽ, ചേർത്തല കനാൽ എന്നിവിടങ്ങളിൽ റെഗുലേറ്റർ സ്ഥാപിക്കൽ എന്നിവയും കനലുകളുടെ സൗന്ദര്യവത്കരണവും നാലാം ഘട്ടത്തിൽ നടക്കും.

**( ചിത്രം ഇന്നലെ അയച്ചു)**

# വാഹനം വാടകയ്ക്ക്

ആലപ്പുഴ: ഇലക്ട്രിക്കൽ ഡിവിഷനിൽ ഒരുവർഷ കാലയളവിൽ ഡ്രൈവർ സഹിതം 10 വർഷത്തിൽ താഴെ പഴക്കമുള്ള ഡീസൽ കാർ കരാർ അടിസ്ഥാനത്തിൽ നൽകുന്നതിന് ദർഘാസ് ക്ഷണിച്ചു. ദർഘാസ് നൽകുന്നതിനുള്ള അവസാന തീയതി മെയ് 27 വൈകിട്ട് മൂന്നുമണി. അന്നേദിവസം വൈകിട്ട് 3.30ന് തുറക്കും. ദർഘാസുകൾ ഡപ്യൂട്ടി ചീഫ് എൻജിനീയറുടെ കാര്യാലയം, ഇലക്ട്രിക്കൽ സർക്കിൾ ആലപ്പുഴ- 688007 എന്ന വിലാസത്തിൽ നൽകണം. ഫോൺ: 0477 2245602, 9496008413.

# ചേർത്തല മനോരമ കവല വികസസനം: ഉടമകൾ കട ഒഴിയണം

ആലപ്പുഴ: ചേർത്തല മനോരമ കവല വികസനത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിൽ നിന്ന് നഷ്ടപരിഹാരത്തുക കൈപ്പറ്റിയശേഷം ചില കട ഉടമകൾ തുറന്ന് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടു ്. പുനരധിവാസ പാക്കേജിൽപ്പെട്ട ഈ കടകൾ ഏഴു ദിവസത്തിനകം ഒഴിഞ്ഞുകൊടുക്കാൻ ഏപ്രിൽ 26ന് പൊതുമരാമത്ത് വകുപ്പിൽ നിന്ന് നോട്ടീസ് നൽകിയതാണ്. ഇനിയും ഒഴിഞ്ഞു പോകാത്തപക്ഷം പൊലീസ് സഹായത്തോടെ കടയുടമകളെ ഒഴിപ്പിക്കുന്നതാണെന്ന് പൊതുമരാമത്ത് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. മന്ത്രി പി.തിലോത്തമന്റെ എം.എൽ.എ ആസ്തി വികസന ഫ ് ഉപയോഗിച്ചാണ് മനോരമ കവലയുടെ വികസനം നടത്തുന്നത്.

# ന്യൂനപക്ഷക്ഷേമവകുപ്പ്: ജില്ലയിൽ പരിശീലകരുടെ ഒഴിവുകൾ

ആലപ്പുഴ: ന്യൂനപക്ഷക്ഷേമവകുപ്പിന്റെ കീഴിൽ ജില്ലയിൽ പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ പരിശീലകരുടെ ഒഴിവു ്. വിവിധ പിഎസ്‌സി, യു,പി.എസ് സി പരീക്ഷകൾക്കായി പരിശീലകരുടെ പാനൽ തയ്യാറാക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ബിരുദം, ബിരുദാനന്തര ബിരുദം വിദ്യാഭ്യാസ യോഗ്യതയുള്ളവരും ഏതെങ്കിലും സമാന പരിശീലന കേന്ദ്രത്തിൽ ഒരു വർഷത്തിൽ കുറയാത്ത പരിചയമുള്ളവരും 14ന് രാവിലെ 11ന് പുന്നപ്ര എം.ഇ.എസ് സ്കൂൾ കോമ്പൗ ിൽ പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ സർട്ടിഫിക്കറ്റുകൾ സഹിതം നേരിട്ട് ഹാജരാകണം. ഫോൺ: 0477 2287869.

# വോട്ടെണ്ണൽ:ക്രമീകരണങ്ങൾ വിലയിരുത്താൻ പാർട്ടി-സ്ഥാനാർത്ഥി പ്രതിനിധികളുടെ യോഗം ചേർന്നു

ആലപ്പുഴ :ജില്ലയിലെ ര ് ലോക്സഭാ മണ്ഡലങ്ങളായ ആലപ്പുഴ ,മാവേലിക്കര എന്നിവിടങ്ങളിലെ വോട്ടെണ്ണൽ സുഗമമായി പൂർത്തീകരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനായി ജില്ലാ വരണാധികാരിയായ കളക്ടർ എസ് .സുഹാസിന്റെ അധ്യക്ഷതയിൽ ആലപ്പുഴ കലക്ടറേറ്റിൽ യോഗം ചേർന്നു. വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ , സ്ഥാനാർത്ഥി പ്രതിനിധികൾ, തിരഞ്ഞെടുപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവർക്കായി വോട്ടെണ്ണൽ ദിനമായ മെയ് 23 ന് സ്വീകരിക്കേ നടപടികൾ ചർച്ചചെയ്യാനാണ് യോഗം വിളിച്ച് ചേർത്തത്. ഓരോ വോട്ടെണ്ണൽ കേന്ദ്രത്തിലും 14 ടേബിളിലായാണ് വോട്ടെണ്ണൽ നടക്കുക. അതിൽ ഒരെണ്ണം വിവിപാറ്റ് രസീതുകൾ എണ്ണുന്നതിനായാണ് ക്രമീകരിച്ചിരിക്കുന്നത്. വോട്ടെണ്ണൽ പൂർത്തിയായ ശേഷമായിരിക്കും വിവിപാറ്റ് എണ്ണുക. മെയ് 23 ന് രാവിലെ 7.30 ന് തന്നെ സ്ട്രോങ്ങ് റൂമുകളിൽ നിന്നും വോട്ടിംഗ് യന്ത്രങ്ങൾ വോട്ടെണ്ണൽ ഹാളിലേക്ക് എത്തിക്കും. കൃത്യം 8 മണിക്ക് തന്നെ വോട്ടെണ്ണൽ ആരംഭിക്കും .ആദ്യം തപാൽ വോട്ടുകളാവും എണ്ണുക. എന്നാൽ തപാൽ വോട്ടുകൾ എണ്ണിയത്തിനു ശേഷം മാത്രമേ ഇ .വി .എം വോട്ടുകൾ എണ്ണാവൂ എന്ന് നിബന്ധനയില്ല .തപാൽ വോട്ടുകൾ എണ്ണി തുടങ്ങിയാൽ മുപ്പത് മിനിറ്റുകൾക്ക് ശേഷം ഇ .വി .എം വോട്ടുകൾ എണ്ണാൻ തുടങ്ങും .വോട്ടെണ്ണൽ പൂർണ്ണമായും റിട്ടേർണിംഗ് ഓഫീസറുടെ മേൽനോട്ടത്തിലാവും നടക്കുക .ആലപ്പുഴ ലോക്സഭാ മണ്ഡലത്തിലെ വോട്ടെണ്ണൽ സെന്റ് ജോസഫ്സ് എച്ച്..എസിലും ,സെന്റ് .ജോസഫ്സ് കോളേജിലും ,ലിയോ തെർറ്റീൻത് സ്കൂളിലും ക്രമീകരിച്ചിരിക്കുന്ന വോട്ടെണ്ണൽ കേന്ദ്രങ്ങളിലും മാവേലിക്കര മണ്ഡലത്തിലെ വോട്ടെണ്ണൽ ആലപ്പുഴ എസ് .ഡി കോളേജിലും ,തിരുവമ്പാടി ഹയർ സെക്കന്ററി സ്കൂളിലുള്ള വോട്ടെണ്ണൽ കേന്ദ്രങ്ങളിലും നടക്കും .തപാൽ വോട്ടുകൾ ആലപ്പുഴ കലക്ടറേറ്റിലാവും എണ്ണുക. യോഗത്തിൽ സബ്കളക്ടർ വി.ആർ.കൃഷ്ണതേജ, തിരഞ്ഞെടുപ്പ് ഡെപ്യൂട്ടി കളക്ടർ അതുൽ എസ്.നാഥ്, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സ്ഥാനാർഥി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. വോട്ടെണ്ണലുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള പരിശീലനം വരും ദിവസങ്ങളിൽ നടക്കും.

**(ചിത്രമു ്)**